## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4398 | 21.03.2018-ൽ മറുപടിക്ക് |
|---|---|

### ആസ്പിരേഷൻസ് 2018

| | ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കേരള പോലീസ് ആവിഷ്കരിക്കുന്ന പദ്ധതിയായ ആസ്പിരേഷൻസ് 2018-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗം തടയുന്നതിനും 'ലഹരിവിമുക്ത ക്യാംപസ്' എന്ന ആശയം നടപ്പിലാക്കുക എന്നതാണ് ആസ്പിരേഷൻ 2018-ന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) | എത്രകാലം നീണ്ടുനിൽക്കുന്ന പദ്ധതിയാണിതെന്നും ഈ പദ്ധതി പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി സമയബന്ധിതമല്ല. വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗം തടയുന്നതിനും 'ലഹരിവിമുക്ത ക്യാംപസ്' എന്ന ആശയം സാക്ഷാത്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് നടപ്പാക്കിവരുന്നത്. ലഹരിക്കടിമപ്പെട്ട വിദ്യാർത്ഥികളെ കൗൺസിലിംഗിലൂടെയും ചികിത്സയിലൂടെയും മോചിപ്പിക്കാനും ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുകയും ഈ പരിപാടിയുടെ മുഖ്യലക്ഷ്യമാണ്. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും Anti Narco Club യോഗം ചേർന്ന് വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ ബോധവത്കരിക്കുന്നതിനായി ക്ലബ്ബിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ലഹരിക്കടിമപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തിയാൽ അവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനായി കൗൺസിലിംഗ്, ചികിത്സ തുടങ്ങിയവ ആവശ്യമുള്ളവർക്ക് ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ക്ലബ്ബ് മുൻകൈയെടുക്കുന്നതാണ്. ക്യാമ്പസിലെ ലഹരി മയക്കമരുന്ന് സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് Anti Narco club-ൽ ചർച്ച ചെയ്ത് വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | ഇടയിൽ മയക്കമരുന്ന് വ്യാപനവും ഉപയോഗവും കണ്ടെത്തുക എന്നിവയും ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. |
| (സി) | ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ചെലവ് നിലവിൽ കണക്കാക്കിയിട്ടില്ല. |
| (ഡി) | ഈ പദ്ധതിയുടെ സംസ്ഥാന-ജില്ലാതല ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പദ്ധതിയുടെ ജില്ലാതല ചുമതല ജില്ലാ പോലീസ് മേധാവിമാർക്കും പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.എച്ച്.ഒ-മാർ കൺവീനർമാരുമാണ്. |
| (ഇ) | ഏതെല്ലാം വിഭാഗം ആളുകളെയും സംഘടനകളെയുമാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത എന്ന് വെളിപ്പെടുത്തുമോ? | (ഇ) | സർക്കാർ ജീവനക്കാർ, സ്കൂൾ, കോളേജ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെയാണ് പ്രാഥമിക ഘട്ടത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ